(1) റൂബി റബ്ബർ വർക്സ്, ചങ്ങനാശ്ശേരി:

തൊഴിൽ വകുപ്പുമന്ത്രി, മുഖ്യമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ ലേബർ കമ്മീഷണർ പല കോൺഫറൻസുകളും വിളിച്ചുകൂട്ടിയെങ്കിലും തീരുമാനം ആകാത്തതിനാൽ ഗവൺമെന്റ് പ്രശ്നം അഡ്ജുഡിക്കേഷനു വിട്ടു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന അവസാനവട്ട ചർച്ചയിൽ ഈ ഫാക്ടറി തുറന്നു പ്രവർത്തിക്കുന്നതിനുതകത്തക്ക ഒരു പദ്ധതി കണ്ടുപിടിക്കുന്നതിന് ഇൻഡസ്ട്രീസ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(2) അർജ്ജുന റബ്ബർ പ്രോഡക്ട്സ്, ഇടുക്കി:

ഡിസ്ട്രിക്ട് ലേബർ ഓഫീസർ, കോട്ടയം പല കോൺഫറൻസുകളും വിളിച്ചുകൂട്ടി. അവ പരാജയപ്പെട്ടതിനാൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർ, എറണാകുളം കോൺഫറൻസ് വിളിച്ചുകൂട്ടിയെങ്കിലും മാനേജുമെന്റ് പ്രസ്തുത കോൺഫറൻസിലും പങ്കെടുത്തില്ല. അതിനാൽ ലേബർ കമ്മീഷണർ നൽകിയ 12 (4) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് നടപടി എടുത്തു കൊണ്ടിരിക്കുകയാണ്.

(3) സെന്റ് മേരീസ് കളേഴ്സ് ആന്റ് ടെക്സ്റ്റയിൽസ് ഇത്തിത്താനം, ചങ്ങനാശ്ശേരി:

ഡിസ്ട്രിക്റ്റ് ലേബർ ഓഫീസർ, കോട്ടയം പല കോൺഫറൻസ് വിളിച്ചുകൂട്ടിയെങ്കിലും പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ല. ലേബർ കമ്മീഷണർ നൽകിയ 12 (4) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രശ്നം ഗവൺമെന്റ് എറണാകുളം ലേബർ കോടതിക്ക് അഡ്ജുഡിക്കേഷനു വിട്ടിട്ടുണ്ട്.

ചാരായം ഉൽപ്പാദിപ്പിക്കുവാനുള്ള ലൈസൻസ്.

*107 [109] ശ്രീ ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറുമതിക്കൊഴിച്ച് മറ്റൊരാവശ്യത്തിനും ചാരായം ഉൽപ്പാദിപ്പിക്കാൻ ലൈസൻസ് നൽകരുതെന്ന് 1975-ൽ കേന്ദ്രം സംസ്ഥാനത്തിന് നിർദ്ദേശം നൽകിയിരുന്നുവോ;

(ബി) എങ്കിൽ ഈ നിർദ്ദേശം നിലവിലുണ്ടായിരുന്നപ്പോഴും സംസ്ഥാന ഗവൺമെന്റ് ആർക്കെങ്കിലും ലൈസൻസ് നൽകുകയുണ്ടായോ;

(സി) എങ്കിൽ അതിനുണ്ടായ സാഹചര്യം വെളിപ്പെടുത്താമോ;

(ഡി) നൽകിയ ലൈസൻസ് റദ്ദാക്കിയോ;

(ഇ) എങ്കിൽ കാരണമെന്താണ്;

(എഫ്) നിലവിലുള്ള ഡിസ്റ്റിലറികളിൽ കൂടുതൽ ചാരായം ഉൽപ്പാദിപ്പിക്കുന്നതിന് അനുമതി നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി, ഡി, ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഈക്കാര്യത്തിൽ യാതൊരു നിർദ്ദേശവും സർക്കാരിന്റെ പരിഗണനയിലില്ല.

കർഷകത്തൊഴിലാളികളുടെ മിനിമം വേജസ്

*108 [110] ഡോക്ടർ എ. സുബ്ബറാവു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക തൊഴിലാളികളുടെ കുറഞ്ഞ കൂലി അവസാനമായി എന്നാണ് പുതുക്കി പ്രഖ്യാപിച്ചത്:

(ബി) ഒരു പ്രാവശ്യം പുതുക്കി പ്രഖ്യാപിച്ചു കഴിഞ്ഞാൽ എത്ര വർഷം കഴിഞ്ഞാണ് വീണ്ടും പുതുക്കി പ്രഖ്യാപിക്കുന്നത്;

(സി) ഇപ്പോഴും കർഷകത്തൊഴിലാളികളുടെ കുറഞ്ഞകൂലി പുതുക്കി പ്രഖ്യാപിക്കേണ്ട സമയം കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) 24-5-1984-ൽ.

(ബി) 5 വർഷത്തെ കാലാവധിക്കുള്ളിൽ.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

റൂറൽ ഡവലപ്പ്മെന്റിനു് ഡയറക്ടറേറ്റ്

* 109 [111] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൂറൽ ഡവലപ്പ്മെന്റ് ഒരു പ്രത്യേക ഡയറക്ടറേറ്റ് ആക്കുന്നതിനുള്ള നടപടി ഇപ്പോഴും പരിഗണനയിലുണ്ടോ;

(ബി) ഇക്കാര്യത്തിലുള്ള തടസ്സമെന്താണ്;

(സി) തടസ്സം നീക്കി പ്രത്യേകം ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഗ്രാമ വികസനവകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ, ബി, സി) ഗ്രാമ വികസനത്തിനു് ഒരു ഡയറക്ടറേറ്റ് രൂപീകരിക്കുന്ന പ്രശ്നം സർക്കാരിന്റെ പരിഗണനയിലിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly